(ബി) അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ The Drugs and Magical Remedies (Objectionable Advertisement) Act 1954 പ്രകാരവും, IPC 420, 508 പ്രകാരവും കേരള പോലീസ് ആക്ട് പ്രകാരവും നിയമ നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭാഗമായുള്ള പരിപാടികളിൽ ഔദ്യോഗിക സംവിധാനങ്ങളോ, മന്ത്രിമാരോ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഫ്ളക്സ് ബോർഡ് നിരോധനം

29 (*179) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സാജു പോൾ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ്ബോർഡ് നിരോധനം സംബന്ധിച്ച് പഠനം നടത്താൻ മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ ; സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ വെളിപ്പെടുത്താമോ ;

(ബി) സർക്കാർ പരിപാടികൾക്കും മന്ത്രിമാരുടെ ചടങ്ങുകൾക്കും ഫ്ലക്സ് ബോർഡ് പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഗതാഗത തടസ്സം ഉണ്ടാക്കുന്ന നിലയിൽപ്പോലും സർക്കാർ ചെലവിൽ മന്ത്രിമാരുടെ പടങ്ങളോടു കൂടിയ ഫ്ലക്സ്ബോർഡുകൾ സ്ഥാപിക്കുന്ന രീതി അവസാനിപ്പിക്കാമോ ; ഇക്കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിക്കാൻ സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) നിയോഗിച്ചിരുന്നു. സമിതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) 6-11-2014-ലെ സ.ഉ.(കൈ) നമ്പർ 195/14/തസ്വഭവ പ്രകാരം സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ളക്സ് ബോർഡുകൾ പൂർണ്ണമായും നിരോധിക്കുമെന്നും ഇത് സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും എന്നും തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly